# മദ്റസാ രംഗത്ത് പുനർവിചിന്തനം അനിവാര്യം

പ്രഫ. എ.കെ അബ്ദുൽ ഹമീദ്

**മതപഠനത്തിന്** പ്രാമുഖ്യം നൽകിവരുന്ന സമൂഹമാണ് നമ്മുടേത്. സ്കൂൾ സമയമാറ്റം വരുന്നതോടെ മദ്റസാ പഠനം അലങ്കോലപ്പെടുമെന്ന് ഉറപ്പാണ്. യഥാർഥത്തിൽ കേരളത്തിലെ ഇസ്‌ലാമികബോധവും മതപഠനവും തകർക്കുകയെന്ന ഒരു ഗൂഢലക്ഷ്യം ഇത്തരം പദ്ധതികൾക്കു പിന്നിലുണ്ടെന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കേരള മുസ്‌ലിംകൾ മതത്തോട് കൂടുതൽ ആഭിമുഖ്യം പുലർത്തുന്നവരാണ്. അതിന് പ്രധാനകാരണം മദ്റസാ പഠനമാണ്. അത് ക്രമേണ ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇതിനു പിന്നിൽ. മദ്റസകളെ തകർക്കാനുള്ള പല നീക്കങ്ങളും ഇവിടെ നടക്കുന്നുണ്ട്. മദ്റസകൾ തീവ്രവാദ കേന്ദ്രങ്ങളാണെന്ന പ്രചാരണം, കേന്ദ്ര ഗവൺമെന്റിന്റെ മദ്റസാ നവീകരണ ഫണ്ട് തടയാനുള്ള ശ്രമം തുടങ്ങിയവ ഉദാഹരണം.

മുസ്‌ലിംകൾ മാത്രമാണ് മതചിഹ്നങ്ങൾ കൃത്യമായി നിലനിർത്തുന്നത്. ക്രിസ്ത്യാനികൾ പൊതുധാരയിലേക്ക് വന്നുകഴിഞ്ഞു. പേരിലും പൊട്ടു തൊടുന്നതിലുമൊക്കെ ഇത് കാണാം. എന്നാൽ മുസ്‌ലിംകൾ സാംസ്കാരികമായി വേറിട്ടു നിൽക്കുന്നു. അത് ക്രമേണ ഇല്ലാതാക്കാനുള്ള ശ്രമവുമുണ്ട്. പെട്ടെന്നൊരു ദിവസം മദ്റസ നിർത്തണമെന്നാവശ്യപ്പെടാൻ കഴിയില്ല. ഇത്തരം രീതികളിലൂടെയാണത് സാധ്യമാകുന്നത്. ചില സ്ഥലങ്ങളിൽ ഇപ്പോൾതന്നെ മദ്റസ ആഴ്ചയിലൊരു ദിവസമായി ചുരുങ്ങിയിട്ടുണ്ട്. എന്നാൽ ഇത് വേണ്ടത്ര ഫലപ്രദമാകില്ല. ഒരു ആത്മീയാചാര്യന്റെ കൈയിൽ വിദ്യാർഥിയെ എല്ലാ ദിവസവും നിശ്ചിത സമയം ലഭിക്കേണ്ടതുണ്ട്. കാരണം മതപഠനം എന്നത് കുറേ വിവരങ്ങളുടെ കൈമാറ്റമല്ല. അതൊരു സംസ്കരണ (തർബിയത്ത്) പ്രക്രിയയാണ്. വിദ്യാർഥികളെ സാംസ്കാരികമായി വളർത്തിയെടുക്കുകയാണതിലൂടെ ചെയ്യുന്നത്. ഇപ്പോഴുള്ള മദ്റസാ രീതി തന്നെയാണതിന് ഉത്തമം. അതുകൊണ്ട് മുസ്‌ലിം സംഘടനകൾ ഒറ്റക്കെട്ടായി മദ്റസാ പഠനം സംരക്ഷിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക അവകാശങ്ങൾ സംരക്ഷിക്കുകയെന്നത് ഭരണഘടനാ ബാധ്യതയാണ്. ഏതെങ്കിലുമൊരു ന്യൂനപക്ഷാവകാശം ഹനിക്കാൻ നാം കൂട്ടുനിന്നാൽ തുടർന്ന് മറ്റു പലതും നിഷേധിക്കപ്പെട്ടേക്കും. പൊതുവിദ്യാഭ്യാസത്തിലെ ഇസ്‌ലാമികവിരുദ്ധമായ പലതിനോടും നാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അവിടെയൊക്കെ നാം വേറിട്ടുനിൽക്കുന്നുണ്ട്. ഭൂരിപക്ഷ സമുദായത്തിന് വിദ്യാഭ്യാസപരമായ ക്ഷീണം മുസ്‌ലിംകളുടെ മദ്റസാ പഠനം കൊണ്ട് വന്നിട്ടില്ല. മാത്രമല്ല, അധ്യാപക സംഘടനകൾ തന്നെ ഈ സമയമാറ്റത്തിനെതിരെ രംഗത്തുവന്നിട്ടുണ്ട്.

അതേസമയം മതവിദ്യാഭ്യാസത്തിന്റെ ഫലത്തെ കുറിച്ച് നാം ചിന്തിക്കേണ്ടതുണ്ട്. ഉദ്ദേശിച്ച നേട്ടം ഇതുകൊണ്ട് ഇന്ന് ലഭിക്കുന്നുണ്ടോ? ഇന്ന് നിലവിലുള്ളത് പ്രാഥമിക മദ്റസകളാണ്. പ്രാഥമികമായി മതപഠനം നൽകിയതുകൊണ്ടു മാത്രം കുട്ടികളെ പൂർണമായി സംസ്കരിച്ചെടുക്കാൻ സാധ്യമല്ല. ചുരുങ്ങിയത് സെക്കന്ററി തലം വരെ മതവിദ്യാഭ്യാസം തുടരണം. അത് എല്ലാ ദിവസവും കൂടുതൽ സമയവും ഉപയോഗിച്ചുകൊണ്ടാകണമെന്നില്ല. കുറഞ്ഞ സമയം നീക്കിവെച്ചാലും മതിയാകും. അതിന് ഫലപ്രദമായ സിലബസ്സും പരിശീലനം നേടിയ അധ്യാപകരും ഭൗതികസൗകര്യങ്ങളും അനിവാര്യമാണ്. കുട്ടികൾക്ക് ബോധം വരുന്ന, സംശയങ്ങൾ ഉണ്ടാകുന്ന, ചോദ്യങ്ങൾ ചോദിക്കുന്ന പ്രായമെത്തുമ്പോൾ മതപഠനത്തിന് അവസരമില്ല. പല കാരണങ്ങളാലും ഉയർന്ന തലത്തിൽ മതപഠനം ലഭിക്കുന്നില്ല. ഹയർ സെക്കന്ററി സ്കൂളുകളുടെയും ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെയും സമയക്രമവും മറ്റും ഇതിന് കാരണമാണ്.

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് മദ്റസകൾക്കായി സെക്കന്ററിതലം വരെയുള്ള സിലബസ് ഉണ്ടാക്കിയിട്ടുണ്ട്. എല്ലാവരും ഇങ്ങനെ ഉണ്ടാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. ഇത് ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകണം. മാത്രമല്ല പാഠ്യപദ്ധതി ലഘൂകരിക്കേണ്ടതുണ്ട്. സുന്നി വിദ്യാഭ്യാസ ബോർഡ് സിലബസ് ഒരുപാട് ലഘൂകരികരിച്ചിട്ടുണ്ട്. ദിവസം ഒരു മണിക്കൂർ സമയം പഠിപ്പിച്ചാൽ തന്നെ വിഷയങ്ങൾ കവർ ചെയ്യാൻ കഴിയുന്ന രീതിയിലേക്ക് അതെത്തിയിട്ടുണ്ട്. ഈ അധ്യയനവർഷം മുതൽ കുറച്ചുകൂടി ലളിതമാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. സങ്കീർണതകളും വിശദാംശങ്ങളും ഒഴിവാക്കിയാണ് ചെറിയ ക്ലാസ്സുകളിൽ പഠിപ്പിക്കേണ്ടത്. അതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഉയർന്ന ക്ലാസ്സുകളിലാണ് കുറേകൂടി വിശദമായ പഠനം നൽകുന്നത്.

ആധുനികകാലത്ത് നിരവധി പ്രശ്നങ്ങൾ നമുക്ക് പഠിക്കേണ്ടതുണ്ട്. നമസ്കാരത്തിന്റെയും നോമ്പിന്റെയും കർമങ്ങൾ മാത്രം പഠിച്ച് പുറത്തുവരേണ്ടവനല്ല മതവിദ്യാർഥി. ആധുനികകാലത്തെ എല്ലാ വെല്ലുവിളികളെയും കുറിച്ച ഇസ്ലാമികമാനം ഇന്നത്തെ മദ്റസാ വിദ്യാർഥി പഠിക്കണം. അവയവമാറ്റം, പോസ്റ്റുമോർട്ടം, ബാങ്കിംഗ്, ഇൻഷുറൻസ് തുടങ്ങിയവ ഉദാഹരണം. ഇവക്കെല്ലാം ഇസ്ലാമികമാനമുണ്ട്. അത് നമ്മുടെ കുട്ടികൾ പഠിച്ചേതീരൂ. അതുപോലെ ഇസ്ലാമിക ചരിത്രം. ബ്രിട്ടീഷുകാരൻ ഉണ്ടാക്കിവെച്ച ചരിത്രമാണ് കുട്ടികൾ പഠിക്കുന്നത്. അത് യുദ്ധങ്ങളുടെയും കൊലപാതകങ്ങളുടെയുമൊക്കെ ചരിത്രമാണ്. ഇതുമാത്രം പഠിക്കുന്ന ഒരു മുസ്ലിം വിദ്യാർഥിക്ക് ഇസ്ലാമിൽ ആത്മാഭിമാനമുള്ളവനായി വളരാൻ കഴിയില്ല. അവന് ഇസ്ലാമിനെക്കുറിച്ച് അവജ്ഞയാണുണ്ടാവുക. യഥാർഥത്തിൽ ഇസ്ലാമികചരിത്രം നിരവധി പുണ്യപുരുഷന്മാരുടെയും മഹാത്മാക്കളുടെയും ജീവചരിത്രത്താൽ സമ്പന്നമാണ്. അതുപോലെ മാനവികമൂല്യങ്ങൾക്ക് വിലയിടിയുന്ന കാലത്ത് അവ വിദ്യാർഥികൾക്ക് പകർന്നുനൽകാനും കഴിയണം. പ്രവാചകന്മാരുടെയും സ്വഹാബിമാരുടെയും മറ്റു മഹാന്മാരുടെയും ചരിത്രം പഠിച്ചുകൊണ്ടാണിത് സാധിക്കുക.

ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലെ വിദ്യാർഥികൾക്ക് കുറേകൂടി ലഘുവും അവരുടെ സമയത്തിന് ഇണങ്ങുന്നതുമായ പാഠ്യപദ്ധതിയും സുന്നി വിദ്യാഭ്യാസ ബോർഡ് തയാറാക്കിയിട്ടുണ്ട്. യഥാർഥത്തിൽ മദ്റസാ വിദ്യാഭ്യാസത്തിലൂടെ കുറേ തത്ത്വങ്ങൾ പഠിപ്പിക്കുകയല്ല, സംസ്കാരം വളർത്തിയെടുക്കുകയാണ് നാം ചെയ്യേണ്ടത്. പ്രായോഗിക പരിശീലനത്തിന് പ്രാമുഖ്യം നൽകണം. നമസ്കാരത്തിന്റെയും വുദൂവിന്റെയും ശർത്വും ഫർദും ചൊല്ലിപ്പഠിപ്പിക്കുന്നതിനല്ല, ചെറിയ ക്ലാസ്സുകളിൽ അവ പ്രായോഗികമായി പരിശീലിപ്പിക്കുന്നതിനാണ് മുൻഗണന നൽകേണ്ടത്. ഞങ്ങൾ അങ്ങനെയാണിപ്പോൾ സിലബസ് പരിഷ്കരിച്ചിട്ടുള്ളത്. ശർത്വും ഫർദും പിന്നീടാണ് പഠിപ്പിക്കുന്നത്. അതിന് സഹായകമായ ഒരു സി.ഡിയും പുറത്തിറക്കിയിട്ടുണ്ട്. ചൊല്ലി പഠിക്കലല്ല, ശീലിപ്പിക്കലാണ് പ്രധാനം. ഏതായിരുന്നാലും മദ്റസാ രംഗത്ത് ഒരു പുനർവിചിന്തനം അനിവാര്യമാണ്. മദ്റസാ പഠനത്തിനുശേഷം ഇസ്ലാമിക പഠനം തുടർപ്രക്രിയയായി മുന്നോട്ടുപോകണം. എങ്കിൽ മാത്രമേ പുതിയ തലമുറയിലെ സാംസ്കാരിക തകർച്ചയെ നമുക്ക് തടഞ്ഞുനിർത്താനാകൂ. സെക്കന്ററി-ഹയർസെന്ററി തലത്തിൽ ആഴ്ചയിൽ രണ്ടോ മൂന്നോ പീരിയഡ് ക്ലാസ് നൽകുന്ന രീതി ഞങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. നമ്മുടെ മദ്റസാ കെട്ടിടങ്ങൾ രാവിലെയുള്ള മദ്റസാ പഠനത്തിനു ശേഷം അടച്ചിടുകയാണ്. ഇതൊരു വെയ്സ്റ്റാണ്. മുസ്ലിം സമൂഹം ഇതേക്കുറിച്ച് ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്. ഇസ്ലാമികവിധികൾ പാലിച്ചുകൊണ്ട് മറ്റു ആവശ്യങ്ങൾക്കും മദ്റസാ കെട്ടിടങ്ങൾ ഉപയോഗിക്കപ്പെടണം. നഴ്സറി, അറബിക്കോളേജ്, വനിതാ കോളേജ്, തൊഴിൽ പരിശീലന കേന്ദ്രം തുടങ്ങിയവയൊക്കെ അതിൽ നടത്താവുന്നതാണ്. സ്ത്രീകൾക്ക് സ്വയം തൊഴിൽ പദ്ധതികളും നടത്താവുന്നതാണ്. മദ്റസാ കെട്ടിടം മറ്റൊന്നിനും ഉപയോഗിക്കാൻ പാടില്ല എന്നൊന്നുമില്ല. സുന്നി വിദ്യാഭ്യാസ ബോർഡിന്റെ കീഴിലെ 200-ഓളം സ്ഥാപനങ്ങൾ മദ്റസാ കെട്ടിടങ്ങളിൽ -സ്കൂളുകളും നഴ്സറികളും ചിലയിടങ്ങളിൽ വനിതാ കോളേജുകളും- നടത്തുന്നുണ്ട്. ഈ വിഷയത്തിൽ ഒരു ബോധവത്കരണം ഉണ്ടാകേണ്ടതുണ്ട്. ■

(സമസ്ത കേരള സുന്നീ വിദ്യാഭ്യാസ ബോർഡ് സെക്രട്ടറിയാണ് ലേഖകൻ)